## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1925** 10.03.2020 - ൽ മറുപടിക്ക്.

### കെട്ടിട നമ്പർ ഇല്ലാത്തവർക്ക് റേഷൻ കാർഡ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി. അബ്ദുറഹിമാൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** കെട്ടിട നമ്പർ ഇല്ലാത്തതിനാൽ റേഷൻകാർഡ് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>**(ബി)** കെട്ടിട നമ്പർ ഇല്ലാത്തതിനാൽ അർഹരായ നിരവധി പേർക്ക് റേഷൻ കാർഡ് ലഭിക്കാത്ത സാഹചര്യത്തിൽ പ്രശ്ന പരിഹാരത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | **(എ) യും (ബി) യും** സംസ്ഥാനത്ത് സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവർക്ക് വീട്ടുനമ്പർ ഇല്ലാതെ തന്നെ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ പരിശോധനയിൽ റേഷൻ കാർഡില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| **(സി)** അർഹരായ എല്ലാവർക്കും റേഷൻകാർഡ് ലഭിക്കുന്നതിന് മാനദണ്ഡങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | **(സി)** ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ 10(എ) പ്രകാരമുള്ള കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരം എ.എ.വൈ വിഭാഗത്തെയും 18.09.2017 ലെ സ.ഉ(സാധാ) നം. 320/17/ഭ.പൊ.വി.വ പ്രകാരം സംസ്ഥാനം നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗത്തെയും കണ്ടെത്തി റേഷൻകാർഡ് വിതരണം നടത്തി വരുന്നു.<br><br>മുൻഗണനാ മാനദണ്ഡപ്രകാരം ഒരു മാർക്കെങ്കിലും കിട്ടിയവർ, മുൻഗണനാ മാനദണ്ഡത്തിൽപ്പെടാത്തവരും അയോഗ്യരല്ലാത്തവരും ആയിരം ചതുരശ്ര അടി വീട് എന്ന മാനദണ്ഡം മൂലം മാത്രം |

മുൻഗണനയിൽപ്പെടാത്തവർ, നാലു ചക്രവാഹനം എന്ന മാനദണ്ഡം മൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ എന്നിവർക്ക് മുൻഗണനേതര (സബ്സിഡി) കാർഡും മേൽപ്പറഞ്ഞ പ്രകാരമല്ലാത്ത എല്ലാ വിഭാഗങ്ങൾക്കും മുൻഗണനേതര (നോൺസബ്സിഡി) കാർഡും നൽകിവരുന്നു.

ഭാവിയിൽ സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക പശ്ചാത്തലത്തിൽ മാറ്റം ഉണ്ടാകുന്നതിന് അനുസൃതമായി കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതാണ്.

**സെക്ഷൻ ഓഫീസർ**